മാധ്യമം 08 February 2023

# കടലിൽ കൂടുമത്സ്യകൃഷി; ഇന്ത്യയിൽ 146 അനുയോജ്യ സ്ഥലങ്ങൾ –സി.എം.എഫ്.ആർ.ഐ

**കൊച്ചി:** കടലിൽ കൂടുമത്സ്യകൃഷി ചെയ്യാൻ ഏറ്റവും അനുയോജ്യമായ 146 സ്ഥലങ്ങൾ ഇന്ത്യൻ കടൽത്തീരങ്ങളിൽ അടയാളപ്പെടുത്തി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) തീരത്തുനിന്ന് 10 കിലോമീറ്റർ കടൽപരിധിയിലാണ് കൂടുമത്സ്യകൃഷി ഉദ്ദേശിക്കുന്നത്.

ഈ സ്ഥലങ്ങളിൽനിന്ന് പ്രതിവർഷം 21.3 ലക്ഷം ടൺ മത്സ്യോൽപാദനമാണ് സി.എം.എഫ്.ആർ.ഐ ലക്ഷ്യമിടുന്നത്. കേരളത്തിൽ കണ്ണൂർ ജില്ലയിലെ അഴീക്കൽ, എടക്കാട്, നീർക്കടവ്, പുതിയങ്ങാടി സ്ഥലങ്ങളാണ് കൂടുതൽ അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്.

സി.എം.എഫ്.ആർ.ഐ വികസിപ്പിച്ച സാങ്കേതികവിദ്യപ്രകാരം ആറ് മീറ്റർ വിസ്തീർണമുള്ള ഒരു കൂടിൽനിന്ന് എട്ടുമാസംകൊണ്ട് മൂന്ന് ടൺ മീനുകളെ ഉൽപാദിപ്പിക്കാം. ഇതിലൂടെ കൃഷി ചെയ്യുന്ന മീനുകൾക്കനുസരിച്ച് ഒന്നര മുതൽ രണ്ടര ലക്ഷം രൂപവരെ വരുമാനമുണ്ടാക്കാം.